പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5157 27/07/2015 - ൽ മറുപടിയ്ക്ക്

**സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

ചോദ്യം | ഉത്തരം

ശ്രീ.എ.കെ.ബാലൻ

ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശിക്കപ്പെട്ടവരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമാക്കാമോ;

(എ) കഴിഞ്ഞ പത്ത് വർഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം പട്ടികയായി ചുവടെ ചേർക്കുന്നു.

| YEAR | GOVT. | AIDED |
|---|---|---|
| 2004-05 | 139234 | 252328 |
| 2005-06 | 133900 | 248196 |
| 2006-07 | 129385 | 243610 |
| 2007-08 | 117997 | 228404 |
| 2008-09 | 112234 | 218876 |
| 2009-10 | 105455 | 210262 |
| 2010-11 | 98001 | 198514 |
| 2011-12 | 92168 | 188046 |
| 2012-13 | 88874 | 168655 |
| 2013-14 | 86782 | 162660 |

(ബി) പത്താംക്ലാസ് പരീക്ഷ എഴുതിയവരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമാക്കാമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| Year | Total |
|---|---|
| 2004-05 | 445122 |
| 2005-06 | 441731 |
| 2006-07 | 428307 |
| 2007-08 | 421497 |
| 2008-09 | 416576 |

| | |
|---|---|
| 2009-10 | 420577 |
| 2010-11 | 428729 |
| 2011-12 | 440126 |
| 2012-13 | 448608 |
| 2013-14 | 433361 |

(സി) ഒന്നാംക്ലാസിൽ പ്രവേശിക്കപ്പെടുന്നവരുടെ എണ്ണത്തിലും എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിലും കുറവ് നേരിട്ടുകൊണ്ടിരിക്കുകയാണോ; എങ്കിൽ എത്ര ശതമാനം വെച്ച് ഓരോ വർഷവും കുറവുണ്ടായിട്ടുണ്ട്;

(സി) 2004-05 വർഷം മുതൽ 2013-14 വർഷം വരെ ഒന്നാംക്ലാസിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം താരതമ്യം ചെയ്യുമ്പോൾ വർഷം തോറും നേരിയ കുറവ് കാണുന്നു. എന്നാൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണത്തിൽ 2004-05 മുതൽ 2009-10 വരെ കുറവും 2010-11 മുതൽ 2013-14 വരെ വർദ്ധനവുമാണ് ഉണ്ടായത്.

(ഡി) സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെയുള്ള അധ്യാപകരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെയുള്ള അധ്യാപകരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| Year | Government | Aided |
|---|---|---|
| 2004-05 | 57425 | 106717 |
| 2005-06 | 56059 | 107047 |
| 2006-07 | 55130 | 106936 |
| 2007-08 | 54300 | 106143 |
| 2008-09 | 53914 | 104928 |
| 2009-10 | 53035 | 104052 |
| 2010-11 | 52405 | 101965 |
| 2011-12 | 52353 | 101365 |
| 2012-13 | 53581 | 101143 |
| 2013-14 | 55321 | 100541 |

(ഇ) അധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കഴിഞ്ഞ പത്ത് വർഷത്തെ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു?

(ഇ) കഴിഞ്ഞ 10 വർഷമായി കെ.ഇ.ആർ പ്രകാരം 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അതനുസരിച്ചാണ് തസ്തിക നിർണ്ണയം

നടത്തുന്നത്. 1/10/2011 ലെ ജി.ഒ(പി) നം. 199/2011/പൊ.വി.വ പ്രകാരം 2010-2011 ലെ തസ്തിക നിർണ്ണയം 2011-12 വർഷത്തേയ്ക്കു കൂടി ബാധകമാക്കുകയുണ്ടായി. പിന്നീട് 2010-2011 ലെ തസ്തിക നിർണ്ണയം തന്നെ 2012-13, 2013-14 ലും ബാധകമാക്കി. 04/07/2014 ലെ ജി.ഒ(പി) നം. 124/2014/പൊ.വി.വ 23/12/2014, ജി.ഒ(പി) നം. 278/2014/പൊ.വി.വ എന്നിവ പ്രകാരം 2014-15 ലെ തസ്തിക നിർണ്ണയത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അധിക അദ്ധ്യാപകരുടെ പുനർവിന്യാസവും ബാങ്ക് രൂപീകരണത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചു. യു.ഐ.ഡി അടിസ്ഥാനമാക്കി 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ തസ്തികകൾ നിർണ്ണയിക്കാനാണ് തീരുമാനിച്ചത്. ഇപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ തസ്തിക നഷ്ടമാവുന്ന രാജി, റിട്ടയർമെന്റ്, മരണം, പ്രമോഷൻ, ട്രാൻസ്ഫർ എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 1:30 അനുപാതവും 5 മുതൽ 10 വരെ 1:35 അനുപാതവും, ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽ നിന്ന് ഒഴിവാക്കിയ ഒഴിവുകളും ഉപയോഗിക്കാൻ തീരുമാനിച്ചു. എന്നാൽ മേൽ സർക്കാർ ഉത്തരവുകളെല്ലാം ബഹു: ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

Sreedevi

സെക്ഷൻ ഓഫീസർ